ഫാന്റസിയുടെ അതീതലോകത്തെ സൃഷ്ടിക്കുമ്പോഴും സേതുവിന്റെ കൃതികളിൽ യാഥാർത്ഥ്യ ത്തിന്റെ നൂലിഴകൾ പൊട്ടിപ്പോകുന്നില്ല. അതിയാഥാർത്ഥ്യങ്ങളിൽ ജീവിച്ചുകൊണ്ടു തന്നെ അതീതലോകത്തിലേക്ക് സഞ്ചരിക്കുന്ന അനുഭവമാണ് ആ കൃതികൾ പകർന്നു നൽകുന്നത്. സുഷുപ്തിയിൽ നിന്ന് സ്വപ്നത്തിലേക്കും സ്വപ്നത്തിന്റെ ഇരുണ്ട അടരുകളിൽ നിന്ന് പേടിപ്പെടു ത്തുന്ന യാഥാർത്ഥ്യത്തിലേക്കും, കരഞ്ഞ് ഉറങ്ങുകയും, ഉണർന്നു കരയുകയും ചെയ്യുന്ന കുട്ടി കളെപ്പോലെ സേതു നമ്മെ കൂട്ടിക്കൊണ്ടു പോകുന്നു....അപ്രാപ്യമായ കാമത്തിന്റെ വേദനയും ദുർഗ്രഹമായ മാനസിക അടിമത്തവും ഒന്നുപോലെ പേറുന്നവരാണ് *ഞങ്ങൾ അടിമകളിലെ* ഓരോരുത്തരും. കാമം (രതി) മരണം (വിരതി) ഇവ പരസ്പരപൂരകമാകുന്നു. മരണഭയം പിന്തു ടരുന്നവർക്ക് കാമം നിഷേധിക്കപ്പെടുന്നു. ഗോപിയിലെ കാമത്തെ അടക്കുന്നത് മരണഭയം മാത്രമാണ്. തന്നെ വരിഞ്ഞുമുറുകിയിരിക്കുന്ന പരദേവതയുടെ ശക്തി ഒന്നയയുമ്പോൾ അയാളും രാധയുമായി ഇണചേരാൻ ശ്രമിക്കുന്നുണ്ട്. ഗിരിജയേയും, തുടർന്ന് രാധയേയും അയാൾ സ്വീകരിക്കുന്നതു പോലും പരദേവതയുടെ ശക്തിയിൽ നിന്ന് കുതറിമാറാനുള്ള ശ്രമ ങ്ങളാണ്. പക്ഷെ തന്നോട് ചേരുന്ന ഓരോരുത്തരും മരണഭയത്താൽ താൻ നിഷേധിക്കുന്ന രതിയുടെ തീർഥം ഏറ്റുവാങ്ങി മോക്ഷം നേടി പോവുകയാണ്. ഭയരഹിതമായ കാമത്തിന്റെ ഇടമായി രാഘവന്റെ കുടിൽ മാറുകയാണ്. രാഘവന്റെ കിരാതശക്തിക്കും കീഴാളക്കരുത്തിനും പരദേവതയുടെ എല്ലാ വിലക്കുകളെയും തകർത്തെറിയാൻ കഴിയുന്നു. ഇവിടെ കറുപ്പ് അതിജീവനത്തിന്റെ കരുത്തായിത്തീരുന്നു. ഒരു പെണ്ണിന്റെ വികാരങ്ങളെ അടക്കി നിർത്താൻ മരണം വിധിക്കുന്ന ഒരു പരദേവതക്കും ആകില്ല എന്ന യാഥാർത്ഥ്യത്തിലാണ് *ഞങ്ങൾ അടിമകൾ* അവസാനിക്കുന്നത്.

*(ഡോ.സി.ഉണ്ണിക്കൃഷ്ണൻ - ഭ്രമാത്മകതയിലെ രതിസാരങ്ങൾ - ഗ്രന്ഥാലോകം - മാർച്ച് '09)*